# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2078 05.12.2018-ൽ മറുപടിക്ക്

## ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന വനിതാ പോലീസുകാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിലെ ചിത്തിര ആട്ടവിശേഷത്തിന് 2018 നവംബർ 5,6 തീയതികളിൽ സന്നിധാനത്ത് വനിതാ പോലീസുകാരെ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നോ; | (എ) ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നു. |
| (ബി) പ്രസ്തുത വനിതാ പോലീസുകാർ 50 വയസ്സ് കഴിഞ്ഞവരായിരുന്നോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; | (ബി) അതെ. അയ്യപ്പഭക്തർക്ക് സുഗമവും സുരക്ഷിതവുമായ ദർശനം നടത്താനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസിനെ വിന്യസിച്ചതിനോടൊപ്പം ദീർഘകാല സർവ്വീസ് ഉള്ളവരും പരിചയ സമ്പന്നരുമായ വനിതാ പോലീസ് ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുള്ളതാണ്. |

| | |
|---|---|
| (സി) ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന വനിതാ പോലീസുകാരുടെ പ്രായം 50 വയസ്സ് കഴിഞ്ഞിരുന്നുവെന്നും രേഖകൾ പരിശോധിച്ച് അവരുടെ പ്രായം താൻ ഉറപ്പാക്കിയെന്നും ആർ.എസ്.എസ്. നേതാവ് പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായതായി കരുതുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) യും (ഡി) യും ദൃശ്യ - മാധ്യമങ്ങളിലൂടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും വസ്തുതാപരമായി ശരിയല്ല. |

**സെക്ഷൻ ഓഫീസർ**